# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 , 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


20.11.2017

**പത്രക്കുറിപ്പ്:**

## മാർക്സിസത്തിന് സംസ്കാരം ഒരനുബന്ധപരിപാടിയല്ല

### ഡോ.സുനിൽ പി. ഇളയിടം

'മൂലധന'ത്തിലൂടെ കാൾ മാർക്സ് മുന്നോട്ടുവെച്ച ദർശനത്തിൽ സംസ്കാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരനുബന്ധപരിപാടി മാത്രമായിരുന്നില്ലെന്ന് ഡോ.സുനിൽ പി.ഇളയിടം പറഞ്ഞു. കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച *മാർക്സിസവും മൂലധനവും* പ്രഭാഷണപരമ്പരയുടെ അവസാന ദിവസത്തിൽ *മൂലധനത്തിന്റെ തുടർജീവിതം* എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ മൂലധനം ഒരു സാമ്പത്തികശാസ്ത്ര ഗ്രന്ഥമായാണ് പ്രധാനമായും വിലയിരുത്തപ്പെട്ടത്. സംസ്കാരമെന്നത് മാർക്സിസത്തിന്റെ ചർച്ചാവിഷയങ്ങളിൽ പ്രമുഖമായ ഒന്നാണെന്ന് തിരിച്ചറിയപ്പെട്ടില്ല. മൂലധനത്തിൽ തത്ത്വചിന്തയും സൗന്ദര്യശാസ്ത്രവും സംസ്കാരപഠനവും ചരിത്രനിരീക്ഷണവും സ്ത്രീപ്രശ്നവും പരിസ്ഥിതിസംരക്ഷണവുമെല്ലാം ഉൾച്ചേരുന്നുണ്ട്. ഇത്തരം ഘടകങ്ങളെ കണ്ടെത്തുന്ന ജൈവികമായ അന്വേഷണങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. മൂലധനം ഒരിക്കലും ജഡവസ്തുവോ അന്തിമപ്രമാണമോ അല്ല. വലിയ തുറസ്സുകളിലേയ്ക്ക് സ്വയം വികസിക്കുന്ന കൃതിയാണത്. മൂലധനത്തെ ഒരടഞ്ഞ പുസ്തകമായല്ല, നിരന്തരം വികസിക്കുന്ന രാഷ്ട്രീയപ്രയോഗമായാണ് കാണേണ്ടത്. മാർക്സിസത്തെ ഏതാനും വാക്കുകളിൽ സംഗ്രഹിച്ചുപറയുന്നത് അശാസ്ത്രീയവും അസാധ്യവുമാണ്. ഏതെങ്കിലും ഉദ്ധരണിയിലൂടെ വെളിപ്പെടുത്താവുന്നതല്ല മാർക്സിസ്റ്റ് ദർശനം. രാഷ്ട്രീയ കാര്യപരിപാടികളുടെ സൈദ്ധാന്തികസാധൂകരണം ആയാണ് മൂലധനം ലോകമെങ്ങും പുനർവായിക്കപ്പെട്ടത്. വംശീയതയുടെയും വർണ്ണവെറിയുടേയും യാഥാസ്ഥിതിക മതവിശ്വാസത്തിന്റെയും സങ്കുചിത ദേശീയതയുടെയും ആശയമണ്ഡലങ്ങളെ മൂലധനം നിർഭയം വിമർശിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ മോചനം സ്ത്രീകളുടെയും കറുത്തവരുടെയും മോചനവുമായി ബന്ധപ്പെടുത്തുന്നു. എന്നാൽ മാർക്സ് ഉന്നയിച്ച രീതിശാസ്ത്രത്തെ വെട്ടിച്ചുരുക്കി വായിച്ചെടുക്കുന്നവർക്ക് ഇത്തരം ആശയങ്ങൾ മൂലധനത്തിൽ കണ്ടെടുക്കാനാവില്ല. കേവല പാഠപാരായണങ്ങളിലല്ല, വിമർശനത്തിലും രാഷ്ട്രീയപ്രയോഗത്തിലുമാണ് മൂലധനവായന ശാസ്ത്രീയവും സർഗാത്മകവുമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ട് ഡോ.ഖദീജ മുംതാസ് അധ്യക്ഷതവഹിച്ചു. ഇ.എം.സതീശൻ സ്വാഗതവും കെ.രാജേന്ദ്രൻ നന്ദിയും പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

JM

പ്രിയ എഡിറ്റർ,
മുകളിൽ ചേർത്തിരിക്കുന്ന വാർത്ത സംസ്ഥാനതല പ്രാധാന്യത്തോടെ താങ്കളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.